**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4103** **18-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയായ തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ 18.80 കിലോമീറ്റർ നീളം വരുന്ന സ്ട്രെച്ചുകളിൽ റോഡുനിർമാണവും, 420 കിലോമീറ്റർ ദൂരത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികളും നടന്നുവരുന്നു. ജൂലൈ 7 ന് നടന്ന കിഫ്ബി ബോർഡ് യോഗത്തിൽ 368 കിലോമീറ്റർ തീരദേശ ഹൈവേയ്ക്ക് ഭൂമിയേറ്റെടുക്കലിനായി 2007 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എത്ര മീറ്റർ വീതിയിലാണ് പ്രസ്തുത പാത നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ, 14 മീറ്റർ/15.6 മീറ്റർ വീതിയിലാണ് തീരദേശ ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. ഗ്രീൻഫീൽഡ് അഥവാ പുതിയ റോഡുകൾ നിർമിക്കുന്ന സ്ഥലങ്ങളിൽ 24 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതും പരിഗണനയിലാണ്. മണലൂർ നിയോജകമണ്ഡലത്തിൽ 24 മീറ്ററും (ഗ്രീൻഫീൽഡ്) 15.60 മീറ്ററും (ബ്രൗൺ ഫീൽഡ്) പരിഗണനയിലുണ്ട്. |
| (സി) | മണലൂർ മണ്ഡലത്തിൽ പ്രസ്തുത പാത കടന്നുപോകുന്ന ദൂരം എത്രയാണെന്നും മണ്ഡലത്തിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും പ്രസ്തുത ഭാഗത്തെ എത്ര വീടുകൾ, കടകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ നഷ്ടപ്പെടുമെന്നും അറിയിക്കാമോ; | (സി) | മണലൂർ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ ഡ്രാഫ്റ്റ് സ്കെച്ച് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | മണലൂർ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ് സ്കെച്ച് ലഭ്യമാക്കാമോ? | (ഡി) | മണലൂർ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ ഡ്രാഫ്റ്റ് സ്കെച്ച് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ